# നമുക്കായി പക്ഷവാദം ചെയ്യുന്ന രക്ഷകൻ

## എബ്രായർ 7:25

**"അതുകൊണ്ട് താൻ മുഖാന്തരമായി ദൈവത്തോട് അടുക്കുന്നവർക്കുവേണ്ടി പക്ഷവാദം ചെയ്യുവാൻ സദാ ജീവിക്കുന്നവനാകയാൽ അവരെ പൂർണ്ണമായി രക്ഷിക്കുവാൻ അവൻ പ്രാപ്തനാകുന്നു.''**

പിതാവായ ദൈവത്തിന്റെ വലതുഭാഗത്ത് നമുക്കായി സദാ പക്ഷവാദം ചെയ്യുന്ന യേശുവിനെ ഈ വചനങ്ങൾ ചൂണ്ടി കാണിക്കുന്നു. ആരും കരുതുവാനും സഹായിക്കുവാനും ഇല്ലാത്ത സാഹചര്യങ്ങളിലും നമ്മുടെ കർത്താവ് നമ്മെ കൈവിടുകയില്ല, ഉപേക്ഷിക്കുകയുമില്ല. നമ്മുടെ പ്രാർത്ഥനകൾക്ക് കാതോർത്തുകൊണ്ട് അവിടുന്ന് സദാ ഉണർന്നിയിരിക്കുകയാണ്. യിസ്രായേലിന്റെ പരിപാലകൻ ഉറങ്ങുന്നില്ല, മയങ്ങുന്നുമില്ല. അനുനിമിഷവും നമ്മെ കാത്തു പരിപാലിക്കുന്നവനാണ് നമ്മുടെ കർത്താവ്.

നമ്മുടെ കർത്താവ് നമുക്കു വേണ്ടി മദ്ധ്യസ്ഥത വഹിക്കുന്നതുപോലെ തന്നെ നാമും മറ്റുള്ളവർക്കു വേണ്ടി പ്രാർത്ഥിക്കുകയും അപേക്ഷിക്കുകയും ചെയ്യേണ്ടതല്ലയോ? ഇന്നു നാം നമ്മുടെ വിഷയങ്ങളുടെ മറുപടിക്കു വേണ്ടി എത്രത്തോളം ഭാരത്തോടെ ആത്മാർത്ഥതയോടെ ദൈവസന്നിധിയിൽ പ്രാർത്ഥനയും യാചനയും ചെയ്യുന്നുണ്ട്. അപ്രകാരംതന്നെ നമ്മുടെ സഹോദരങ്ങൾക്കു വേണ്ടിയും ചുറ്റുപാടുമുള്ള അനേകർക്കു വേണ്ടിയും നാം കർത്താവിനോട് പക്ഷവാദം ചെയ്യേണ്ടതുണ്ട്.

ഇന്ന് നമ്മുടെ പ്രാർത്ഥനകൾ എപ്രകാരമാണ് എന്ന് പരിശോധിച്ചു നോക്കാം. നമ്മുടെ പ്രാർത്ഥനകളുടെ ഏറിയ പങ്കും സ്വാർത്ഥ താല്പര്യങ്ങൾക്കായിട്ടാണെങ്കിൽ അത് നിർത്തേണ്ട സമയമായിരിക്കുന്നുവെന്ന് പരിശുദ്ധാത്മാവ് ഇവിടെ ഓർമ്മിപ്പിക്കുകയാണ്. നമ്മുടെ ചുറ്റുപാടുമുള്ള സഹോദരങ്ങൾ ആയിരിക്കുന്ന വേദന നിറഞ്ഞ അനുഭവ സാഹചര്യങ്ങൾ മനസ്സിലാക്കി അവർക്കു വേണ്ടി ഇടുവിൽ നിൽക്കുവാൻ, കണ്ണുനീരോടെ ദൈവത്തോട് അപേക്ഷിക്കുവാൻ നമുക്ക് കഴിയണം. അതിനായിട്ടാകുന്നു സ്വർഗ്ഗീയ പിതാവ് തന്റെ പുത്രനിൽകൂടി നമ്മെ ഏവരെയും രക്ഷിച്ചു വീണ്ടെടുത്തിരിക്കുന്നു എന്നു നാം മറന്നു പോകരുത്.

ഇയ്യോബിന്റെ ജീവിതം തന്നെ ഒന്നു പരിശോധിക്കുവാൻ അവന്റെ അവസ്ഥ എങ്ങനെയായിരുന്നുവെന്ന് നമുക്ക് മനസ്സിലാക്കാവുന്നതാണ്. എല്ലാം നഷ്ടമായ ജീവിത

സാഹചര്യത്തിലും തന്റെ സ്നേഹിതന്മാർക്കുവേണ്ടി പ്രാർത്ഥിച്ചു. അപ്പോൾ ദൈവം അവന്റെ അവസ്ഥക്ക് വ്യത്യാസം വരുത്തി. അതിനു മുമ്പേ ഉണ്ടായിരുന്നതെല്ലാം തന്നെ ഇരട്ടിയാക്കി പകരം കൊടുത്തു എന്ന് നാം വായിക്കുന്നു. നമ്മുടെ പ്രശ്നങ്ങളെല്ലാം പരിഹരിക്കപ്പെട്ട ശേഷം നാം മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കണം എന്നല്ല ദൈവം ആഗ്രഹിക്കുന്നത് എന്ന് ഇയ്യോബിന്റെ ജീവിതത്തിൽ നിന്നും നമുക്ക് പഠിക്കാവുന്നതാണ്.

നമ്മുടെ ഏതു കുറ്റവും കുറവുകളും ഏറ്റുപറയുമ്പോൾ ക്ഷമിക്കുന്ന, മനസ്സലിയുന്ന ഒരു നല്ല കർത്താവ് പിതാവിന്റെ വലതുഭാഗത്ത് നമുക്കുള്ളതുകൊണ്ട് ധൈര്യത്തോടെ ആ കൃപാസനത്തോട് അടുത്തു ചെല്ലാം. ഒരു വ്യക്തിയുടെ വേദന കാണുമ്പോൾ നാം ആ സാഹചര്യത്തിൽ ആയിരുന്നുവെങ്കിൽ എന്ന് ചിന്തിച്ചുകൊണ്ട് നമ്മുടെ തന്നെ വിഷയമായി ഏറ്റെടുത്ത് കണ്ണുനീരോടെ ദൈവസന്നിധിയിൽ പ്രാർത്ഥിക്കുവാൻ നമുക്കിടയാവണം. അപ്രകാരം അനേകർക്കു വേണ്ടി ഇടുവിൽ നിൽക്കുവാൻ ദൈവം നമ്മെ സഹായിക്കുമാറാകട്ടെ.

പരാമർശം :

യോഹന്നാൻ 14:13–4

‘നിങ്ങൾ എന്റെ നാമത്തിൽ അപേക്ഷിക്കുന്നത് ഒക്കെയും പിതാവ് പുത്രനിൽ മഹത്വപ്പെടേണ്ടതിന് ഞാൻ ചെയ്തുതരും. നിങ്ങൾ എന്റെ നാമത്തിൽ എന്നോട് അപേക്ഷിക്കുന്നതൊക്കെയും ഞാൻ ചെയ്തുതരും’

സിസ്റ്റർ അശ്വതി ബിനു ഏറ്റുമാനൂർ 027